**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4984** **20-07-2022 - ൽ മറുപടിയ്ക്ക്**

**ചവറ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചവറ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷനിൽ അന്താരാഷ്ട്ര മാനദണ്ഡ പ്രകാരമുള്ള നൈപുണ്യ പരിശീലനത്തിനായി സംസ്ഥാന സർക്കാർ ഏതെങ്കിലും വിദേശ കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടോ; | (എ) | **(എ)** KASE-ന്റെ കീഴിൽ വരുന്ന മികവിന്റെ കേന്ദ്രമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം നെതർലാൻഡ് ആസ്ഥാന മായ ആക്സോ നോബൽ ഇന്ത്യ ലിമിറ്റഡുമായി 2022 ഏപ്രിൽ 21-ന ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പ്രകാരം നിർമ്മാണ മേഖലയിൽ ഒരു വർഷം കൊണ്ട് എത്ര പേർക്ക് പരിശീലനം നൽകി തൊഴിൽ ലഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് എന്ന് അറിയിക്കാമോ; | (ബി) | **(ബി)** ഇതുപ്രകാരം നടത്തുന്ന തൊഴിൽ പരിശീലനത്തിലൂടെ നിർമ്മാണമേഖലയിലെ പെയിന്റിങ് രംഗത്ത് ഒരു വർഷംകൊണ്ട് 200 പേർക്കു പരിശീലനം നല്കി തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ നടത്തുന്ന കോഴ്സുകൾ ഏതെല്ലാമെന്നും ഫീസ് ഘടന സംബന്ധിച്ച വിശദവിവരങ്ങളും അറിയിക്കുമോ? | (സി) | **(സി)** കൺസ്ട്രക്ഷൻ ഡെക്കറേറ്റീവ് പെയിന്റർ' എന്ന കോഴ്സാണ് പ്രസ്തുത പദ്ധതിയിൽ നടത്തുന്നത്. ഏഴായിരത്തി എണ്ണൂറ്റി ഇരുപതു (Rs.7820/-) രൂപയാണ് കോഴ്സ് ഫീസ്. IIIC യുടെ ക്യാമ്പസ്സിൽ ഭക്ഷണവും താമസസൗകര്യവും ആവശ്യമുള്ള വർക്ക് അതിനുള്ള ചെലവടക്കം പതിമൂവായിരത്തി തൊള്ളായിരം(Rs.13900/-) രൂപയാണ് ഫീസ്. |

സെക്ഷൻ ഓഫീസർ